**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T- 2494** | **18-07-2011 ൽ മറുപടിക്ക്** |

## പ്രവാസികൾ നേരിടുന്ന യാത്രാദുരിതങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) പ്രവാസികൾ നേരിടുന്ന യാത്രാദുരിതങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ; | | (എ) ഉണ്ട്. തിരക്കു കൂടുമ്പോൾ കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിനു പകരം പ്രവാസി മലയാളിയെ ചൂഷണം ചെയ്യുന്നതിനായി നിരക്കുകൾ കുത്തനെ ഉയർത്തുന്ന വിമാന ക്കമ്പനികളുടെ നടപടി അവസാനിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്ന എസ്റ്റിമേറ്റ് കമ്മിറ്റിയുടെ 20-ാമത് റിപ്പോർട്ടിലെ (2008-11) 29-ാമത് ശുപാർശയിൻമേൽ നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് അംഗീകൃത എയർ ട്രാഫിക്/പാസ്സഞ്ചർ അസോസിയേഷനു കൾ, ട്രാവൽ ആന്റ് ടൂർ ഓപ്പറേറ്റർമാർ എന്നിവരുമായി ചർച്ചനടത്തുവാൻ ഗതാഗത വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് സർക്കാരിന്റെ കീഴിൽ ഒരു വിമാനക്കമ്പനി തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | | (ബി) സർക്കാർ പങ്കാളിത്തത്തോടെ ഒരു ബഡ്ജറ്റ് വിമാനക്കമ്പനി തുടങ്ങാൻ ഗതാഗത വകുപ്പ് തീരുമാനിച്ചിരുന്നു വെങ്കിലും, കമ്പനി ഡയറക്ടർ ബോർഡിന്റെ 9-ാമത് യോഗം കമ്പനി 'Wind up' ചെയ്യാൻ തീരുമാനിച്ച് സർക്കാരിനെ അറിയിക്കുകയും, അതേ തുടർന്ന് കമ്പനി 'Amalgamate' ചെയ്യുന്നതിനായുള്ള പ്രൊപ്പോസൽ ബോർഡിന്റെ പരിഗണനയിലുമാണ്. |

സെക്ഷൻ ഓഫീസർ